പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4919 26.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ പുനർനിർണ്ണയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ചെക്കിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകൾ പുനർ നിർണ്ണയിച്ച നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. Crew ന്റെ ലഭ്യത ഉറപ്പ് വരുത്തുക.<br>2. സർവ്വീസിന് നൽകുന്നതിന് മുൻപ് ബസ്സ് വൃത്തിയാക്കിയിട്ടുണ്ടെന്ന് ശ്രദ്ധിക്കുക.<br>3. സ്ഥലനാമ ബോർഡുകൾ വ്യക്തതയുള്ളതും ആവശ്യാനുസരണമുള്ളതുമാണെന്ന് നേരിട്ട് ബോധ്യപ്പെടുക.<br>4. ബസ്സുകളുടെ സമയ ക്ലിപ്തത പരിശോധിച്ച് ഉറപ്പ് വരുത്തുക.<br>5. നേരത്തെ വിജിലൻസ് ചെയ്തിരുന്ന അപകടവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ Follow up നടത്തുക.<br>6. ഇന്ധനം ലാഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.<br>7. ട്രിപ്പ്വൈസ് കളക്ഷൻ റിക്കോർഡ് ചെയ്ത് വർദ്ധനവ് വരുത്തുക. ഷെഡ്യൂൾ പരിഷ്ക്കരണവും ഇതിൽ ഉൾപ്പെടും. ഇതിന്റെ സംക്ഷിപ്തരൂപം യൂണിറ്റ് ഓഫീസർക്കും, കൺട്രോൾ റൂമിലേയ്ക്കും Message / Whatsapp ആയോ അയക്കുക.<br>8. പകുതി ബസ്സുകളിലെങ്കിലും ടിക്കറ്റ് പരിശോധന നടത്തുക.<br>9. ഇൻസ്പെക്ടർക്ക് ആവശ്യമുള്ള 8 ബസ്സുകളും, Spare ബസ്സുകളും യൂണിറ്റ് ഓഫീസർമാർ ക്രമീകരിക്കേണ്ടതാണ്.<br>10.അവധി / സ്ഥലംമാറ്റം തുടങ്ങിയ അഭാവങ്ങളിൽ മറ്റൊരു ഇൻസ്പെക്ടർക്ക് ബസുകളുടെ അധിക ചുമതല നൽകണം. |

| | | | |
|---|---|---|---|
| (ബി) | സർവ്വീസ് ആരംഭിക്കുന്നതിന് മുൻപ് ബസ് വൃത്തിയായി സൂക്ഷിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നത് മുതൽ ബസ്സിന്റെ ഷെഡ്യൂൾ പരിഷ്കരണം വരെ അവരുടെ ചുമതലകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഒരു ചെക്കിംഗ് ഇൻസ്പെക്ടർക്ക് എത്ര ബസ്സുകളുടെ ചുമതലയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (സി) | ഒരു ചെക്കിംഗ് ഇൻസ്പെക്ടർക്ക് 9 ബസുകളുടെ ചുമതലയാണ് നൽകിയിട്ടുള്ളത്. |
| (ഡി) | ഈ സംവിധാനം നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഈ സംവിധാനം നിലവിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യുടെ സർവ്വീസിൽ കാര്യമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**